(ബി) ശരിയായ രീതിയിൽ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്നും, ഡ്രൈവിംഗ് പരിശീലനം ഫലപ്രദമായ രീതിയിൽ നടക്കുന്നില്ലായെന്നുമുള്ള നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ടിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർമാർക്ക് ബോധവൽക്കരണ പരിപാടി നടത്തുകയുണ്ടായോ;

(ഡി) ഡ്രൈവർമാർക്ക് നൽകുന്ന ബോധവൽക്കരണ പരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (3) അനുസരിച്ച് പ്രവർത്തിക്കാത്ത സ്കൂളുകളുടെ ലൈസൻസ് സസ്പെന്റ് ചെയ്യാനോ, റദ്ദ് ചെയ്യാനോ ഉള്ള നിർദ്ദേശം എല്ലാ ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ.-മാർക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവുമായി ചേർന്ന് കേരളത്തിലെ അസംഘടിത മേഖലയിലെ 250 ഹെവി വെഹിക്കിൾ ഡ്രൈവർമാർക്ക് ആദ്യ പടിയായി കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ രണ്ട് ദിവസം വീതം നീണ്ടു നിന്ന ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി.

(ഡി) ഡ്രൈവർമാർക്ക് നൽകുന്ന ബോധവൽക്കരണ പരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി നാറ്റ്പാക്കിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും നേതൃത്വത്തിൽ നടത്തി വരുന്നു.

കൈത്തറി വ്യവസായം പുനരുദ്ധരിക്കുവാൻ നടപടി

*13 [103] ശ്രീ. പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായം പുനരുദ്ധരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) പ്രസ്തുത വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ലഭ്യമാക്കുന്ന അസംസ്കൃത സാധനങ്ങൾ തറി ഉടമകൾ വാങ്ങി മറിച്ച് വിൽക്കുന്നതുകൊണ്ടുണ്ടാകുന്ന തൊഴിൽ നഷ്ടം സംബന്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് തടയുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി ആന്റ് സി) കൈത്തറി വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുവായ ഹാങ്ക്യാൺ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) അസംസ്കൃത സാധനങ്ങൾ വാങ്ങി മറിച്ചു വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യവസായ വികസനത്തിനായി സ്വീകരിച്ച നടപടികൾ

*14 [104] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ വികസനത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ ടെക്നോപാർക്കുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വ്യവസായ വികസനത്തിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി ആന്റ് സി) ഉണ്ട്. കെ. എസ്. ഐ. ഡി. സി. കൊച്ചിൻ ഷിപ്പ്യാർഡുമായി ചേർന്ന് 65 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഒരു ടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഐ. ടി. മിഷൻ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവരുടെ കീഴിൽ പുതിയ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിൻ ഇൻഫോ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

† അനുബന്ധം-III

LIBRARY ARCHIVES Kerala Legislative Assembly